**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1009** **02-02-2026 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ലൈനുകൾക്ക് ഭീഷണിയായ മരങ്ങൾ മുറിച്ചു മാറ്റുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കോളയാട് പഞ്ചായത്ത് പരിധിയിൽ വരുന്ന കെ. എസ്. ഇ. ബി. യുടെ വൈദ്യുതി ലൈനുകൾക്ക് ഭീഷണിയായ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് ഫോറസ്റ്റ്, കെ. എസ്. ഇ. ബി. ഉദ്യോഗസ്ഥർ സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | സംയുക്ത പരിശോധന നടത്തിയിട്ടില്ല. സംയുക്ത പരിശോധന നടത്തുന്നതിനുള്ള തീയതി തീരുമാനിക്കാൻ 22.09.2025 തീയതിയിൽ കെ.എസ്.ഇ.ബി.യ്ക്ക് കത്ത് നൽകിയിരുന്നു. എന്നാൽ ആയത് സംബന്ധിച്ചുള്ള തീരുമാനം കെ.എസ്.ഇ.ബി. ഓഫീസിൽ നിന്നും നാളിതുവരെയായും ലഭിച്ചിട്ടില്ല.<br><br>കോളയാട് പഞ്ചായത്തിൽ കണ്ണോത്ത് റിസർവ്വ് വനത്തിലൂടെ കടന്നുപോകുന്ന വൈദ്യുതി ലൈനുകൾക്ക് ഭീഷണിയായ മരങ്ങൾ മുറിച്ചു മാറ്റുന്നത് സംബന്ധിച്ച് ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ ഫീൽഡ്തല പരിശോധന നടത്തിയിട്ടുള്ളതും താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിചേർന്നിട്ടുള്ളതുമാകുന്നു.<br><br>07.01.1919-ന് നിലവിൽ വന്ന കണ്ണോത്ത് റിസർവ്വ് വനത്തിൽ ആന, കാട്ടുപോത്ത് തുടങ്ങിയ വന്യമൃഗങ്ങളുടെ സജീവ സാന്നിദ്ധ്യം നിലവിലുണ്ട്. കൂടാതെ റിസർവ്വ് വനത്തിൽ 13 ഉന്നതികളിലായി ഏകദേശം 654 കുടുംബങ്ങൾ താമസിച്ചു വരുന്നുണ്ട്. നിലവിലുള്ള ഓപ്പൺ ഓവർഹെഡ് വൈദ്യുത ലൈനുകൾ പ്രതികൂല കാലാവസ്ഥയിൽ വന്യജീവികൾക്കും, മനുഷ്യർക്കും ഗുരുതരമായ അപകട സാദ്ധ്യത സൃഷ്ടിക്കുന്നുണ്ട്. വൈദ്യുതി ലൈൻ കടന്നുപോകുന്ന വഴികളിൽ നൂറിലേറെ വർഷം പഴക്കമുള്ള നിരവധി വൃക്ഷങ്ങൾ നിലവിലുണ്ട്. ആയത് മുറിച്ചു മാറ്റുന്നത് ഗുരുതര പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് വഴിയൊരുക്കും. മാത്രമല്ല മരങ്ങൾ മുറിച്ചു നീക്കിയാലും ഓപ്പൺ ഓവർഹെഡ് ലൈൻ മൂലം വന്യജീവികൾക്കുള്ള ഭീഷണി തുടർന്നും നിലനിൽക്കും. മേൽ സാഹചര്യത്തിൽ പ്രസ്തുത ഓപ്പൺ ഓവർഹെഡ് വൈദ്യുതി ലൈനിന് പകരമായി ഏരിയൽ ബഞ്ച്ഡ് കേബിൾ (ABC) സംവിധാനം |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തുന്നത് വന്യജീവികളുടെയും ഉന്നതികളിലെ ആദിവാസികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് ഉചിതമായിരിക്കും. മേൽ കാര്യങ്ങൾ ബോധിപ്പിച്ചുകൊണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ഇ.ബി.- അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ